പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T3172 18/06/2019 ൽ മറുപടി നൽകേണ്ടിയിരുന്നത്.

# കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്ക് ആശ്വാസ ധനസഹായം

| ചോദ്യം<br>ശ്രീ. വി.ഡി.സതീശൻ | | മറുപടി<br>ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | അടഞ്ഞ് കിടന്ന കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്ക് ആശ്വാസ ധനസഹായം വിതരണം ചെയ്യുന്നതിനായി സംസ്ഥാന കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധിയിലേക്ക് ലോക് സഭാ തിരഞ്ഞെടുപ്പിന് മുമ്പ് സർക്കാർ തുക അനുവദിച്ചിരുന്നോയെന്നറിയിക്കുമോ; | (എ) | വിഷുവിനോടനുബന്ധിച്ച് ആശ്വാസ ധനസഹായം വിതരണം ചെയ്യുന്നതിന് തുക അനുവദിച്ചിരുന്നു. |
| (ബി) | എത്ര കോടി രൂപയാണ് ഇപ്രകാരം അനുവദിച്ചത്; ഒരു തൊഴിലാളിക്ക് എന്ത് തുകയാണ് നൽകിയത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | 6,94,56,000/- രൂപ (ആറ് കോടി തൊണ്ണൂറ്റി നാല് ലക്ഷത്തി അൻപത്തി ആറായിരം രൂപ മാത്രം) ക്ഷേമനിധി ബോർഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. ഒരു തൊഴിലാളിക്ക് 2000/- രൂപയാണ് നൽകിയത്. |
| (സി) | തൊഴിലാളികൾക്ക് അനുവദിച്ച തുക വ്യാജരേഖ ചമച്ച് തട്ടിയെടുത്തവർക്കെതിരെ ബോർഡ് പരാതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ | (സി) | ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ പരാതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് |

| | | | |
|---|---|---|---|
| | എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; | | അന്വേഷണം നടത്തി വരികയാണ്. |
| (ഡി) | തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് പണം നൽകാതെ സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിലേക്ക് ഉദ്യോഗസ്ഥർ മുഖേന പണം വിതരണം ചെയ്തുകൊണ്ടാണ് ഇത്തരത്തിലുള്ള ആരോപണത്തിന് സാഹചര്യമുണ്ടായതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) യും (ഇ) യും | സംസ്ഥാനത്തുടനീളമുള്ള പൂട്ടി ക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ ഏകദേശം പകുതിയിലധികം തൊഴി ലാളികളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ സമാഹരിക്കുന്ന നടപടി പൂർത്തീ കരിക്കാത്തതിനാലാണ് ആശ്വാസ ധനസഹായം നേരിട്ട് വിതരണം നടത്തേണ്ടി വന്നത്. ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് പണം എത്തിക്കുന്ന നടപടി സ്വീകരിച്ചാൽ അർഹതയുള്ള പലർക്കും ഈ സഹായം ലഭ്യമല്ലാതാകും എന്നുള്ളതിനാലാണ് നേരിട്ട് നൽകുവാൻ തീരുമാനമുണ്ടായത്. |
| (ഇ) | ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് പണം നൽകേണ്ട എന്ന തീരുമാനം ഏത് സാഹചര്യത്തിലാണ് ബോർഡ് എടുത്തത് എന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ